## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 517 — 29.10.2019 ലെ മറുപടിക്ക്

### പാറപ്പുറം വല്ലംകടവ് പാലം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അൻവർ സാദത്ത് | | ഡോ. റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | ആലുവാ മണ്ഡലത്തിൽ പാറപ്പുറം വല്ലംകടവ് പാലത്തിന്റെ നിർമ്മാണത്തിനും അപ്രോച്ച് റോഡിനുമായി സ്ഥലം ഏറ്റെടുക്കലിന് 2114099/- രൂപ 5054-04-101-94 PV എന്ന ശീർഷകത്തിൽ അധിക ധനാനുമതി നൽകി എൽ.ഒ.സി.പുറപ്പെടുവിച്ചിട്ടുണ്ടോ; | പാറപ്പുറം-വല്ലംകടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കലിനുള്ള നഷ്ടപരിഹാരം നൽകുന്നതിലേക്കായി 23/09/2019 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 7449/2019/ധന പ്രകാരം 21,14,099/-രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. സ്ഥലമുടമകൾക്ക് നഷ്ട പരിഹാരതുക നൽകുന്നതിന് പ്രസ്തുത തുക തഹസിൽദാർക്ക് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയായതായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച ധനകാര്യവകുപ്പിലെ ബഡ്ജറ്റ് വിംഗ് E4/602/18 നമ്പർ ആയിട്ടുള്ള ഫയലിൽ തുക അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | |
| (സി) | സ്ഥലമുടമകൾക്ക് നഷ്ടപരിഹാര തുക എന്ന് നൽകുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ